(ഇ) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മൂന്നിയൂർ എച്ച്.എസ്.-ലെ മാനേജർ, പ്രഥമാധ്യാപിക എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കിയിട്ടുണ്ട്. എന്നാൽ മാനേജർ ബഹു. കേരള ഹൈക്കോടതിയിൽ WP(C) No. 12116/15(L) ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് ലഭിക്കാതെ ടിയാനെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കരുതെന്ന് പ്രസ്തുത WP(C) യിന്മേലുള്ള 10-2-2015-ലെ ഇടക്കാല ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 18-11-14-ലെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരികയാണ്.

വിദ്യാർത്ഥികളുടെ എണ്ണം

103 (1132) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ കുറയുന്നത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും പദ്ധതികളും എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിനായി അത്തരം കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ ബ്രിഡ്ജ് കോഴ്സ് നൽകി തിരികെ സ്കൂളിൽ പ്രവേശിപ്പിക്കുന്നതിനായി എസ്.എസ്.എ.-യുടെ നേതൃത്വത്തിൽ ഔട്ട് ഓഫ് സ്കൂൾ ഇന്റർവെൻഷൻ നടത്തിവരുന്നു. ഇതിനായി പ്രത്യേക ട്യൂട്ടർമാരെ നിയോഗിച്ചിട്ടുണ്ട്.

കൂടാതെ കൂടുതൽ കുട്ടികളെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് ആകർഷിക്കുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ പ്രാഥമിക പാഠ്യപദ്ധതി പരിഷ്കരിച്ചു. അതിന്റെ ഭാഗമായി എല്ലാ കുട്ടികൾക്കും പഠനനേട്ടങ്ങൾ ഉറപ്പാക്കുന്ന തരത്തിൽ സിലബസ്സും പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയും അദ്ധ്യാപക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുവരുന്നു. കൂടാതെ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിലേയ്ക്ക് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ വേണമെന്ന ആവശ്യം പരിഗണിച്ച് ഇംഗ്ലീഷ് മീഡിയം പാഠപുസ്തകങ്ങൾ തയ്യാറാക്കി പഠിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly